ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 01.10.2025

പ്രധാന വാർത്തകൾ

TIME : 07.25 AM

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ആർഎസ്എസിന്റെ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുക്കും.

   **Prime Minister Narendra Modi will participate in the centenary celebrations of the RSS in New Delhi today.**

2. ഇന്ത്യയും യൂറോപ്യൻ സ്വതന്ത്ര വ്യാപാര സംഘടനയും തമ്മിലുള്ള വ്യാപാര സാമ്പത്തിക സഹകരണ കരാർ പ്രാബല്യത്തിൽ.

   **The trade and economic cooperation agreement between India and the European Free Trade Association comes into effect.**

3. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ പുതിയ ധനനയം ഇന്ന് പ്രഖ്യാപിക്കും.

   **The Reserve Bank of India (RBI) will announce its monetary policy today.**

4. നവരാത്രിയോടനുബന്ധിച്ച് രാജ്യത്ത് വിപുലമായ ആഘോഷങ്ങൾ. ഇന്ന് മഹാനവമി. കേരളത്തിൽ നാളെ വിദ്യാരംഭം.

   **Vibrant celebrations in the country on the occasion of Navratri. Today is Mahanavami. Vidhyarambham to be held in Kerala tomorrow.**

5. ഇന്ന് അന്താരാഷ്ട്ര വയോജന ദിനം. ന്യൂഡൽഹിയിൽ കേന്ദ്ര സാമൂഹിക നീതി മന്ത്രാലയം വിവിധ പരിപാടികൾ സംഘടിപ്പിക്കും.

**Today is International Day of Older Persons. The Union Ministry of Social Justice and Empowerment will organize various programs in New Delhi.**

6. ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ, രണ്ട് സ്വർണം ഉൾപ്പെടെ 3 മെഡൽ സ്വന്തമാക്കി ഇന്ത്യ.

**India won 3 medals, including two gold, at the World Para Athletics Championships.**

☸☸☸☸☸☸☸☸☸☸☸☸☸

## PREZ- PBG

രാഷ്ട്രപതിയുടെ അംഗരക്ഷക സേനയായ പ്രെസിഡന്റ്സ് ബോഡിഗാർഡിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു സേനക്ക് വജ്രജൂബിലി സിൽവർ ട്രംപറ്റും ട്രംപറ്റ് ബാനറും സമ്മാനിച്ചു. ഇന്നലെ രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ മികച്ചതും അച്ചടക്കമുള്ളതുമായ പ്രവർത്തനത്തിന് രാഷ്ട്രപതി സേനാംഗങ്ങളെ അഭിനന്ദിച്ചു.

************************************

## PM- RSS CENTENARY CELEBRATIONS

ഇന്ന് ന്യൂഡൽഹിയിൽ നടക്കുന്ന ആർഎസ്എസിന്റെ ശതാബ്ദി ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. ചടങ്ങിൽ ആർ എസ് എസ് ശതാബ്ദി സ്മാരക തപാൽ സ്റ്റാമ്പും നാണയവും പ്രധാനമന്ത്രി പുറത്തിറക്കും.

************************************

## INDIA-TEPA

ഇന്ത്യയും യൂറോപ്യൻ സ്വതന്ത്ര വ്യാപാര സംഘടനയും തമ്മിലുള്ള വ്യാപാര സാമ്പത്തിക സഹകരണ കരാർ ഇന്നുമുതൽ പ്രാബല്യത്തിൽ. കഴിഞ്ഞ വർഷമാണ് കരാർ ഒപ്പുവച്ചത്. അന്താരാഷ്ട്ര വ്യാപാരം മെച്ചപ്പെടുത്തുന്നതിന് നിരവധി സാധ്യതകൾ യൂറോപ്യൻ സ്വതന്ത്ര വ്യാപാര സംഘടന

മുന്നോട്ടുവെയ്ക്കുന്നു. ഇന്ത്യയുടെ കയറ്റുമതി, നിക്ഷേപം എന്നിവ വർധിപ്പിക്കാൻ കരാർ സഹായകമാകുമെന്നാണ് വിലയിരുത്തൽ.

***********************************

## DEFENCE ACCOUNTS- ANNUAL DAY

രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ന്യൂഡൽഹിയിൽ പ്രതിരോധ അക്കൗണ്ട്സ് വകുപ്പിന്റെ വാർഷിക ദിനാഘോഷത്തിൽ പങ്കെടുക്കും. കൺട്രോളർ ജനറൽ ഓഫ് ഡിഫൻസ് അക്കൗണ്ട്സ്-സിജിഡിഎയുടെ സ്ഥാപന ശേഷി ശക്തിപ്പെടുത്തുക, സേവന വിതരണം വർദ്ധിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമിട്ടുള്ള പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കും. സിജിഡിഎ ഉദ്യോഗസ്ഥർക്ക് 2025 ലെ രക്ഷാ മന്ത്രി അവാർഡുകളും മന്ത്രി സമ്മാനിക്കും.

***********************************

## SHIVRAJ SINGH CHOUHAN (INTRO)

രാജ്യത്ത് കരിമ്പ് കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ICAR-ൽ പ്രത്യേക ഗവേഷണ സംഘം രൂപീകരിക്കുമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ന്യൂഡൽഹിയിൽ കരിമ്പ് സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ദേശീയ സെമിനാറിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കരിമ്പ് കൃഷി നയം രൂപീകരിക്കുന്നതിന് കർഷകരിൽ നിന്നും വിദഗ്ധരിൽ നിന്നും ഉൾപ്പെടെ പ്രത്യേക സംഘം നിർദ്ദേശങ്ങൾ തേടുമെന്ന് മന്ത്രി വ്യക്തമാക്കി.

(വോയിസ്)

***********************************

## RBI MONETARY POLICY

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ഇന്ന് പുതിയ ധനനയം പ്രഖ്യാപിക്കും. സാമ്പത്തിക സാഹചര്യം വിലയിരുത്തുന്നതിനായി ആർബിഐയുടെ ധനനയ സമിതി യോഗം തിങ്കളാഴ്ച മുംബൈയിൽ ആരംഭിച്ചിരുന്നു. കഴിഞ്ഞ ആഗസ്റ്റിൽ നടന്ന യോഗത്തിൽ റിപ്പോ നിരക്ക് 5.50 ശതമാനം എന്നതിൽ മാറ്റം വരുത്തിയിരുന്നില്ല.

***********************************

## NAVARATHRI

നവരാത്രിയോടനുബന്ധിച്ച് രാജ്യത്ത് വിപുലമായ ആഘോഷങ്ങൾ. ഇന്ന് മഹാനവമി. ക്ഷേത്രങ്ങളിലും വീടുകളിലും ഇന്നലെ പൂജവെച്ചു. കേരളത്തിലെ പ്രധാന ക്ഷേത്രങ്ങളായ കോട്ടയം പനച്ചികാട് സരസ്വതി ക്ഷേത്രം, ചോറ്റാനിക്കര, ആറ്റുകാൽ, സരസ്വതി മണ്ഡപം എന്നിവിടങ്ങളിലും വൻ ഭക്തജന തിരക്കാണ് അനുഭപ്പെടുന്നത്. വിജയദശമി ദിനമായ നാളെ പൂജയെടുപ്പിന് ശേഷം വിദ്യാരംഭ ചടങ്ങുകൾ നടക്കും. കർണാടകയിലെ കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ നവരാത്രിയോടനുബന്ധിച്ച് ഇന്നാണ് രഥോത്സവം. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ദുർഗ്ഗാ പൂജയോടനുബന്ധിച്ച് ഇന്ന് കന്യാ പൂജ നടക്കും.

***********************************

## TN - BUILDING COLLAPSE

തമിഴ്നാട്ടിൽ പൊന്നേരിയ്ക്ക് സമീപം നിർമ്മാണത്തിലിരുന്ന കമാനം തകർന്ന് 9 തൊഴിലാളികൾ മരിച്ചു. സുരക്ഷ ഉപകരണങ്ങൾ ധരിക്കാതെ ജോലി ചെയ്യുകയായിരുന്ന അസ്സമിൽ നിന്നുള്ള തൊഴിലാളികളാണ് മരിച്ചത്. സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, മുഖ്യമന്ത്രി എം കെ സ്റ്റാലിൻ തുടങ്ങിയവർ ദുഃഖം രേഖപ്പെടുത്തി. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് മരിച്ചവരുടെ ആശ്രിതർക്ക് 2

ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും നഷ്ട പരിഹാരം പ്രഖ്യാപിച്ചു. തമിഴ്നാട് സർക്കാർ 10 ലക്ഷം രൂപയാണ് മരിച്ചവരുടെ കുടംബത്തിന് നൽകുന്നത്. മൃതദേഹങ്ങൾ അസ്സമിലെത്തിക്കാൻ വേണ്ട നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

*************************************

## INTERNATIONAL DAY OLDER PERSONS

ഇന്ന് അന്താരാഷ്ട്ര വയോജന ദിനം. കേന്ദ്ര സാമൂഹിക നീതി-ശാക്തീകരണ മന്ത്രാലയതിന്റെ ആഭിമുഖ്യത്തിൽ ന്യൂഡൽഹിയിൽ വിവിധ പരിപാടികളോടെ ദിനാചരണം ആഘോഷിക്കും. ചടങ്ങിൽ പ്രതിരോധ മന്ത്രാലയവും Telecommunications Consultants India Limited, Birla Open Minds Foundation എന്നിവരുമായി ധാരണാ പത്രം ഒപ്പുവെക്കും. പ്രാദേശികവും ആഗോളവുമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വയോജനങ്ങൾ: നമ്മുടെ അഭിലാഷങ്ങൾ, നമ്മുടെ ക്ഷേമം, നമ്മുടെ അവകാശങ്ങൾ എന്നതാണ് ഈ വർഷത്തെ പ്രമേയം.

*************************************

## SEVA PARV (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ രാജ്യത്ത് പരിവർത്തനം കൊണ്ടുവരാൻ അക്ഷീണം പ്രവർത്തിച്ചുവരികയാണ്. ഇന്ത്യയുടെ ആഗോള നേതൃത്വത്തെ ശക്തിപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കു വഹിച്ച ജി20 ഉച്ചകോടിയുടെ വിജയത്തെക്കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്.

*(മ്യൂസിക്)*

*ഇന്ത്യയുടെ അധ്യക്ഷതയിൽ നടന്ന ഉച്ചകോടിയിൽ എല്ലാ ചെറിയ രാഷ്ട്രങ്ങൾക്കും അവരുടെ കൂട്ടായ താൽപര്യത്തെ പ്രതിനിധീകരിക്കുന്നതിന് ഒരു വലിയ വേദി ലഭിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.*

*(പിഎം ഹോൾഡ് വോയിസ് )*

*രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കുന്നതിലും വൈവിധ്യമാർന്ന കലാ പൈതൃകത്തെ ഉയർത്തിക്കാട്ടുന്നതിലും ഇന്ത്യ അധ്യക്ഷത വഹിച്ച G20 ഉച്ചകോടിയിലൂടെ സാധിച്ചു എന്ന് നിസ്സംശയം പറയാം.*

*(മ്യൂസിക്)*

*************************************

## WORLD PARA ATHLETICS

ന്യൂഡൽഹിയിൽ നടക്കുന്ന ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ, ഇന്നലെ ഇന്ത്യക്ക് 3 മെഡൽ. പുരുഷന്മാരുടെ ജാവലിൻ ത്രോ F64 ഇനത്തിൽ ഇന്ത്യയുടെ സുമിത് ആന്റിലും, പുരുഷന്മാരുടെ ജാവലിൻ ത്രോ F44 ഇനത്തിൽ സന്ദീപ് സഞ്ജയ് സർഗാറും സ്വർണ്ണം നേടി. അതേ ഇനത്തിൽ സന്ദീപ് ചൗധരി വെള്ളി മെഡലും നേടി.

*************************************

## ICC WOMENS CRICKET

ഗുവാഹത്തിയിൽ ഇന്നലെ നടന്ന ഐസിസി വനിതാ ക്രിക്കറ്റ് ലോകകപ്പിന്റെ ആദ്യ മത്സരത്തിൽ ശ്രീലങ്കക്കെതിരെ ഇന്ത്യക്ക് 59 റൺസ് ജയം. 271 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ശ്രീലങ്ക 45.4 ഓവറിൽ 211 റൺസിന് എല്ലാവരും പുറത്താവുകയായിരുന്നു. ഇന്ത്യക്കായി അമൻജോത് കൗർ 57 റൺസ് നേടി ടോപ് സ്കോറർ ആയി.

***********************************

## GST REFORMS-EDUCATION ITEMS

പുതു തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ പ്രയോജനകരമാണ്. വിദ്യാഭ്യാസ ആവശ്യങ്ങൾക്കായുള്ള സ്റ്റേഷണറി ഇനങ്ങളുടെ GST നിരക്കുകൾ കുറച്ചത് വിദ്യാർത്ഥികൾക്കും കുടുംബങ്ങൾക്കും വളരെ സഹായകമായ തീരുമാനമാണ്. നോട്ട്ബുക്കുകൾ, ഗ്രാഫ് ബുക്കുകൾ, പെൻസിലുകൾ ഉൾപ്പെടെയുള്ള സാധനങ്ങളെ 12 ശതമാനം സ്ലാബിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

***********************************

## IDUKKI - DRAINAGE TANK ACCIDENT

ഇടുക്കി കട്ടപ്പനയിൽ മാലിന്യ ടാങ്ക് വൃത്തിയാക്കുന്നതിനിടെ മൂന്ന് തൊഴിലാളികൾ മരിച്ചു. തമിഴ്നാട് കമ്പം സ്വദേശി ജയറാം, ഗൂഡല്ലൂർ സ്വദേശി സെൽവം എന്നിവരും സുഹൃത്തുമാണ് മരിച്ചത്. ഇന്നലെ രാത്രി കട്ടപ്പന - പുളിയന്മല റോഡിലായിരുന്നു സംഭവം. ടാങ്കിനുള്ളിലെ ഓക്സിജന്റെ അഭാവമാണ് അപകടത്തിന് ഇടയാക്കിയതെന്നാണ് പ്രാഥമിക സൂചന.

***********************************

## UPS - EXTENSION

യോഗ്യരായ നിലവിലുള്ള ജീവനക്കാർ, സർവീസിൽ നിന്നും വിരമിച്ചവർ, വിരമിച്ച ശേഷം മരണമടഞ്ഞവരുടെ ആശ്രിതർ എന്നിവർക്ക് ഏകീകൃത പെൻഷൻ പദ്ധതിയിൽ ഓപ്ഷൻ നൽകുന്നതിലുള്ള സമയ പരിധി രണ്ട് മാസത്തേക്ക് കൂടി ദീർഘിപ്പിക്കാൻ കേന്ദ്ര സർക്കാർ തീരുമാനം. സമയ പരിധി നവംബർ 30 വരെ നീട്ടാനാണ് തീരുമാനമായത്. നികുതി

ഇളവുകൾ ഉൾപ്പെടെയുള്ള മാറ്റങ്ങൾ കണക്കിലെടുത്താണ് ഓപ്ഷൻ നൽകുന്നതിന് കൂടുതൽ സമയം അനുവദിച്ചത്.

************************************

## FINANCE MINISTRY

ഇന്ന് തുടങ്ങി ഡിസംബർ 31 ന് അവസാനിക്കുന്ന ഈ സാമ്പത്തിക വർഷത്തിലെ മൂന്നാം പാദത്തിൽ വിവിധ ചെറുകിട സമ്പാദ്യ പദ്ധതികളുടെ പലിശ നിരക്കുകൾ മാറ്റമില്ലാതെ നിലനിർത്തി ധനകാര്യ മന്ത്രാലയം. സാമ്പത്തിക കാര്യ വകുപ്പ് ഇതുസംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതിനെത്തുടർന്ന്, പബ്ലിക് പ്രൊവിഡന്റ് ഫണ്ടിന്റെ പലിശ നിരക്ക് 7.1 ശതമാനവും ദേശീയ സേവിംഗ്സ് സർട്ടിഫിക്കറ്റ് പലിശ നിരക്ക് 7.7 ശതമാനവുമായി തുടരും.

************************************

## RBI-INOPERATIVE ACCOUNTS

ഉപഭോക്താക്കൾക്ക് ഉപയോഗത്തിൽ ഇല്ലാത്ത അവരുടെ ബാങ്ക് അക്കൗണ്ടുകൾ സജീവമാക്കുന്നതിനും, ബാങ്കുകളിൽനിന്നും പിൻവലിക്കാനാകാത്ത നിക്ഷേപങ്ങൾ പിൻവലിക്കുന്നതിനും റിസർവ് ബാങ്ക് പ്രത്യേക പദ്ധതി പ്രഖ്യാപിച്ചു. "ആക്സിലറേറ്റഡ് പേഔട്ട് - ഇൻഓപറേറ്റീവ് അക്കൗണ്ട്സ് ആൻഡ് അൺക്ലെയിംഡ് ഡെപ്പോസിറ്റ്സ്" എന്ന പേരിലുള്ള പദ്ധതിക്ക് ഒരു വർഷത്തെ കാലാവധിയാണുള്ളത്.

************************************

## CABINET

വ്യവസായ, സംരംഭക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഇ.എസ്.ജി നയത്തിന് അംഗീകാരം നൽകുന്ന ആദ്യ സംസ്ഥാനമായി കേരളം.